**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5245** **02-11-2021 - ൽ മറുപടിയ്ക്ക്**

**റോഡുകളുടെ സുരക്ഷിതത്വം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ റോഡപകടങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവരുടെ എണ്ണം വർഷം തിരിച്ച് വ്യക്തമാക്കാമോ; ഇതിൽ ദേശീയപാത, പ്രധാന ജില്ലാ റോഡുകൾ, ഗ്രാമീണ റോഡുകൾ എന്നിവയിൽ ഉണ്ടായിട്ടുള്ള അപകട മരണങ്ങളുടെ പട്ടിക ഇനം തിരിച്ച് ലഭ്യമാക്കാമോ; ഇവയുടെ കാരണം വ്യക്തമാക്കാമോ; | (എ) | കഴിഞ്ഞ് 5 വർഷത്തിനുള്ളിൽ റോഡപകടങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണം സംബന്ധിച്ച് സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയിൽ നിന്നും ലഭ്യമായ വിവരം അനുബന്ധം I ആയി ചേർക്കുന്നു. അമിത വേഗത, ഡ്രൈവർമാരുടെ ആശ്രദ്ധ, മൊബൈലിൽ സംസാരിച്ച് വാഹനം ഓടിക്കുന്നവരുടെ വീഴ്ച, മദ്യപിച്ച് വാഹനം ഓടിക്കുന്നവരുടെ വീഴ്ച, റോഡുകളുടെ ശോച്യാവസ്ഥ, കാൽനട യാത്രക്കാരുടെയും സൈക്കിൾ യാത്രക്കാരുടെയും അലസമായ റോഡ് ഉപയോഗം. ഇതൊക്കെയാണ് കാരണങ്ങളായി കണ്ടെത്തിയിട്ടുള്ളത്. |
| (ബി) | റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിൽ നിർമ്മിക്കപ്പെട്ടശേഷം അപകടങ്ങളുടെ തോതിൽ ഉയർച്ച ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഉയർച്ച ഉള്ളതായി കണ്ടെത്തിയിട്ടില്ല. |
| (സി) | റോഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ച് വർഷം എത്ര രൂപ ചെലവഴിച്ചെന്ന് വർഷം തിരിച്ച് പ്രോജക്ടുകളുടെ പേര് സഹിതം വ്യക്തമാക്കാമോ; | (സി) | റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ച് വർഷം അനുവദിച്ച തുകയുടെ വിവരം ചെലവഴിച്ച വർഷം തിരിച്ച് പ്രോജക്ടുകളുടെ പേര് സഹിതം അനുബന്ധം II ആയി ചേർക്കുന്നു. |
| (ഡി) | റോഡ് സേഫ്റ്റി അതോറിറ്റി മുഖേന റോഡ് സുരക്ഷിതത്വത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (ഡി) | റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡുകളുടെ ഗുണനിലവാരം ഉയർത്തുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. 1) ബ്ലാക്ക് സ്പോട്ട് പരിഹാര നടപടികൾ മുൻ വർഷങ്ങളിലെ അപകടങ്ങൾ അപഗ്രഥിച്ച് സംസ്ഥാനത്തെ ഏറ്റവും അപകടസാധ്യത കൂടിയ ഇടങ്ങളായ ബ്ലാക്ക് സ്പോട്ട് കണ്ടെത്തുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റി, പഠനം നടത്തിവരുന്നു. റോഡ് സുരക്ഷയ്ക്കുവേണ്ടിയുള്ള സുപ്രീംകോടതി കമ്മറ്റിയുടെയും കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെയും നിർദ്ദേശങ്ങൾക്കനുസൃതമായി നാറ്റ്പാക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയും പോലീസും |

പൊതുമരാമത്ത് വകുപ്പിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും സഹായത്തോടെ പരിശോധന നടത്തി പരിഹാര നിർദ്ദേശങ്ങൾ നാറ്റ്പാക്ക് മുഖാന്തിരം ക്രോഡീകരിച്ച്, റോഡ് സുരക്ഷയ്ക്ക് അത്യാവശ്യമായ പദ്ധതികൾ തയ്യാറാക്കി കേരള റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു. 2) മാതൃകാ സുരക്ഷാ വീഥി സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ സ്ഥാപിച്ച് സുരക്ഷാ ഇടനാഴികൾ സൃഷ്ടിക്കുന്ന പദ്ധതിയാണിത്. ഇതിലാദ്യത്തേതാണ് ലോക ബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച അടൂർ - കഴക്കൂട്ടം മാതൃകാ സുരക്ഷാവീഥി. ചലഞ്ച് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കാനായി കേരള റോഡ് സുരക്ഷാ അതോറിറ്റി അംഗീകാരം നൽകി കെ.എസ്.റ്റി.പി.ക്ക് അയച്ചു കൊടുത്തിട്ടുണ്ട്. 1. വൈപ്പിൻ - മുനമ്പം, എറണാകുളത്തെ ഇ-യാത്ര പദ്ധതി 2. കൊട്ടിയം - കുണ്ടറ, കൊല്ലം 3. മെഡിക്കൽ കോളേജ് - പേട്ട, തിരുവനന്തപുരം 4. പാവങ്ങാട് - കോരപ്പുഴ, കോഴിക്കോട് ബ്ലാക്ക് സ്പോർട്ടുകൾ കണ്ടെത്തി തിരുത്തുക, റോഡുകളുടെ പട്രോളിംഗ് ശക്തിപ്പെടുത്തുക, മദ്യപിച്ച് വാഹനമോടിക്കൽ, അമിതവേഗം, റെഡ് ലൈറ്റ് ജമ്പിംഗ്, ഹെൽമെറ്റ് / സീറ്റ് ബെൽറ്റ് തുടങ്ങിയ നിയമ ലംഘനങ്ങൾ കണ്ടെത്തുക എന്നീ നിർദ്ദേശങ്ങൾ 23.12.2014-ന് SCCoRS നൽകിയിട്ടുണ്ട്. 3) സ്കൂൾ സുരക്ഷാ മേഖല കുട്ടികൾക്ക് സ്കൂളുകളിലേക്ക് സുരക്ഷിതമായി യാത്ര ചെയ്യുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് "സേഫ് സ്കൂൾ സോൺ". സ്കൂൾ മേഖല അപകടരഹിതമാക്കുന്നതിനും കുട്ടികളുടെ സുഗമമായ യാത്ര ഉറപ്പുവരുത്തുന്നതിനും വേണ്ടി നടപ്പാതകൾ, കൈവരികൾ, സീബ്രാ ക്രോസ്സിംഗ് എന്നിവിടങ്ങളിൽ ആവശ്യമായ സൈൻ ബോർഡുകളും മാർക്കിംഗുകളും നടപ്പിലാക്കുന്നതിനാണ് പദ്ധതി. ആദ്യഘട്ടമായി സംസ്ഥാനത്ത് ഉടനീളമുള്ള തിരഞ്ഞെടുത്ത 50 സ്കൂളുകളിൽ നടപ്പിലാക്കുന്നതിനായി റോഡ് സുരക്ഷാ ഫണ്ട് അനുവദിച്ചിട്ടുണ്ട്. കാൽനടയാത്രക്കാരും സ്കൂൾ കുട്ടികളും ഉൾപ്പെടുന്ന അപകടം കുറയ്ക്കാൻ ഈ പദ്ധതികൊണ്ട് സാധിക്കും. 4) അപകട മേഖലകളിൽ ക്രാഷ് ബാരിയർ സ്ഥാപിക്കുന്നത് റോഡ് സുരക്ഷയ്ക്കായുള്ള സുപ്രീം കോടതി കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ മലയോരപാതകളിലും, ജലാശയങ്ങളോട് ചേർന്നുള്ള പാതകളിലും, മറ്റു അപകടമേഖലയുള്ള പാതകളിലും

അടിയന്തിരമായി ക്രാഷ് ബാരിയർ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണിത് പൊതുമരാമത്ത് വകുപ്പ് (റോഡ്സ്) വിഭാഗം നിലവിൽ ക്രാഷ് ബാരിയർ ആവശ്യമുള്ള സ്ഥലങ്ങൾ കണ്ടെത്തി മുൻഗണന ക്രമത്തിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹായത്തോടെ പദ്ധതി നടപ്പിലാക്കി വരുന്നു. 5) ഡിഫൻഡർ ട്രോമ കിറ്റി ട്രാഫിക് അപകടത്തിൽപ്പെട്ടവരുടെ ജീവൻ രക്ഷിക്കാൻ ഹൈവേ പട്രോളിംഗ് വാഹനങ്ങളിൽ ഡിഫൻഡർ ട്രോമ കിറ്റി വാങ്ങുന്നതിന് കേരള റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട് നൽകി വരുന്നു. 6) എൻഫോഴ്സ്മെന്റ് ഏജൻസികൾക്ക് നൽകുന്ന സാമ്പത്തിക പിന്തുണ NH, SH റോഡുകളിൽ പട്രോളിംഗ് ശക്തിപ്പെടുത്തുക എന്നത് സുപ്രീംകോടതി നിയോഗിച്ച ജസ്റ്റിസ് രാധാകൃഷ്ണൻ അദ്ധ്യക്ഷനായ കമ്മിറ്റിയുടെ മറ്റൊരു സുപ്രധാന നിർദ്ദേശമാണ് കൂടാതെ മദ്യപിച്ച് വാഹനമോടിക്കൽ അമിതവേഗം, റെഡ് ലൈറ്റ് ജമ്പിംഗ്, ഹെൽമെറ്റ് / സീറ്റ്ബെൽറ്റ് നിയമങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുക. എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ വാങ്ങുന്നതിന് പോലീസ് വകുപ്പിനും, മോട്ടോർ വാഹന വകുപ്പിനും കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും ഫണ്ട് നൽകി വരുന്നു. ശരിയായ പട്രോളിംഗ് ഉറപ്പാക്കാൻ വാഹനങ്ങൾ വാങ്ങുന്നതിനും പോലീസ് വകുപ്പിന് ഫണ്ട് നൽകിയിട്ടുണ്ട്. 7) റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ വിവിധ ജില്ലാ റോഡ് സുരക്ഷ കൗൺസിലുകളുടെ അഭ്യർത്ഥ പ്രകാരം ടേബിൾടോപ്പ് പെഡസ്ട്രിയൻ ക്രോസ്, ബസ്സ്റ്റോപ്പുകൾ, സീബ്രാ ക്രോസിംഗ്, മുന്നറിയിപ്പ് ബ്ലിങ്കറുകൾ, സിഗ്നൽലൈറ്റുകൾ, സൈൻബോർഡുകൾ, ഫുട്പാത്ത്, ഹാൻഡ്റെയിൽ മുതലായ റോഡ് സുരക്ഷാ ഇനങ്ങൾക്ക് റോഡ് സുരക്ഷാ ഫണ്ട് നൽകിവരുന്നു. കേരള റോഡ് സുരക്ഷാ അതോറിറ്റി, പോലീസ്, മോട്ടോർ വാഹന വകുപ്പ്, റോഡ് ഓണിംഗ് ഏജൻസികളായ പൊതുമരാമത്ത് (റോഡ്സ്), പൊതുമരാമത്ത് (ദേശീയപാത) എന്നിവർ സംയുക്തമായി പരിശോധനകൾ നടത്തി അപാകതകൾ കണ്ടെത്തി നടപടികൾ സ്വീകരിക്കാറുണ്ട്. 8) സേഫ് കേരള പദ്ധതി റോഡ് സുരക്ഷയ്ക്ക് വേണ്ടിയുള്ള സുപ്രീം കോടതി കമ്മിറ്റി സംസ്ഥാനങ്ങളോട് ഗതാഗത നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നത് പരിശോധിച്ച് ഉറപ്പ് വരുത്തണമെന്ന് നിർദ്ദേശിട്ടുള്ള പ്രകാരം കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ മോട്ടോർ വാഹന വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് "സേഫ്

| | | | |
|---|---|---|---|
| | | | കേരള പദ്ധതി" റോഡ് സുരക്ഷിതമാക്കാൻ അന്താരാഷ്ട്രതലത്തിൽ അംഗീകരിച്ചിട്ടുള്ള മൂന്ന് പ്രധാന പ്രവർത്തന മേഖലകളാണ്, 3E's എന്ന അറിയപ്പെടുന്ന Engineering, Enforcement, Education എന്നിവ. സേഫ് കേരള പദ്ധതി ആവിഷ്കരിക്കുക വഴി റോഡ് സുരക്ഷയ്ക്ക് ആവശ്യമായ എൻഫോഴ്സ്മെന്റ് ഘടകം ഉറപ്പ് വരുത്തുകയാണ് ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - I

| വർഷം | മരണപ്പെട്ടവരുടെ എണ്ണം | ദേശീയ പാത | സംസ്ഥാന പാത | മറ്റു റോഡുകൾ |
|---|---|---|---|---|
| 2016 | 4287 | 1263 | 885 | 2139 |
| 2017 | 4131 | 1309 | 837 | 1985 |
| 2018 | 4303 | 1248 | 876 | 2179 |
| 2019 | 4440 | 1216 | 979 | 2245 |
| 2020 | 2979 | 849 | 629 | 1501 |

Radh

സെക്ഷൻ ഓഫീസർ

അനുബന്ധം - II

# YEAR - WISE PROJECTS UNDER ROAD SAFETY FUND

*Financial Year 2016-17*

| Sl. No | Project | Department | Released Amount |
|---|---|---|---|
| 1. | Traffic Signals at Karamana- Kaliyikkavila, TVPM | Police | 88,76,514/- |
| 2. | Road Safety Works | DRSC, Thrissur | 83,95,797/- |
| 3. | Purchase of Traffic Enforcement quipments | DRSC, Malappuram | 4,99,625/- |
| 4. | Traffic Signal at Pallipuram, CRPF | Police | 12,11,680/- |
| 5. | Budget- Estimate2015-16 | DRSC, Malappuram | 23,26,450/- |
| 6. | Solar signals in Alappuzha district | DRSC, Alappuzha | 94,43,274/- |
| 7. | Budget- Estimate2015-16 | DRSC, Kozhikode | 54,32,510/- |
| 8. | Road Safety Education Through Schools | NATPAC | 10,00,000/- |
| 9. | Sabarimala Safezone 16-17 | MVD | 71,46,400/- |
| 10. | Road Safety Week2017 | MVD | 33,00,000/- |
| 11. | Road Safety Works at Karamana- Pravachambalam, TVPM | PWD | 25,00,000/- |
| 12. | Installation of Traffic Signals at Pothencode, Vembayam, Pazhakutty, Market Junction | Police | 42,77,321/- |
| 13. | Road Safety Awareness Campaign at Sree ChithiraThirunal Engineering College | Principal, SCT Engineering College, TVPM | 6,43,000/- |
| | | | |

## *Financial Year 2017-18*

| | | | |
|---|---|---|---|
| 1. | Road Safety Furniture and Thermoplastic painting Manjeri Town, Malappuram | DRSC, Malappuram | 3,45,000/- |
| 2. | Budget- Estimate2014-15 | DRSC Wayanad | 46,91,733/- |
| 3. | Camera Surveillance Sysytem in Cherthala-Manjeswaram stretch, Kasargode | MVD | 14,96,165/- |
| 4. | Road Safety Schemes 14-15 | Police | 2,65,00,000/- |
| 5. | Trauma Care Unit in Medical college , TVPM | Principal, Medical college, TVPM | 38,88,051/- |
| 6. | Road Markings with Thermo-Plastic compound in Wayanad district | PWD, NH | 3,66,038/- |
| 7. | Traffic Kit for Police men/Homeguards | Police | 4,50,000/- |
| 8. | Maintenance of Ambulances at Chalakudy Taluk Hospital | Health | 12,03,167/- |
| 9. | Sabarimala Safezone 17-18 | MVD | 69,35,000/- |
| 10 | Road Safety Awareness through Kitty Show | Kitty Club | Rs.6,30,000/- |

## Financial Year 2018-19

| | | | |
|---|---|---|---|
| 1. | Installation of Traffic Surveillance camera at Kakkazham Bridge at Ambalapuzha | MVD | Rs 27,80,080/- |
| 2. | Sabarimala Safe Zone18-19 | MVD | Rs.70,00,000/- |
| 3. | Road Safety works at Anjilimoodu, Chengannur | DRSC, Alappuzha | 3,40,000/- |
| 4. | Road safety measures at Pathanamthitta Dist | DRSC, Pathanamthitta | Rs.30,63,375/- |
| 5. | Black Spot Management | PWD | 1,00,00,000/- |
| 6. | Annual Maintenance Contract of Traffic signals all over the State | Police | 1,00,00,000/- |
| 7. | Traffic Signal at Jalsoor,Kasarsgode | Police | 6,00,000/- |
| 8. | Mannanthala Thycaud road – Erecting Road Safety Boards, Crash Barriers | Trivandrum-DRSC- | 32,50,000/- |
| 9. | Training to officials dealing with dangerous and hazardous goods involved in road accidents. | Police | 5,00,000/- |
| 10. | Road Safety Week2019 | MVD | 40,60,000/- |
| 11. | Road Safety measures at Pilathara-Pappinishery, KSTP Road | DRSC, Kannur | Rs.90,00,000/- |
| 12. | Relocation of camera along Cherthala -Mannuthy | MVD | 60,00,000/- |
| 13. | Cautionary Signal System at Pattoor Junction | Police | 50,000/- |
| 14. | SKYWALK project at Seematti Junction , Kottayam | KITCO | 75,00,000/- |

## ***Financial Year 2019-20***

| | | | |
|---|---|---|---|
| 1. | Road Safety works at Anjilimoodu, Chengannur | DRSC, Alappuzha | 3,40,000/- |
| 2. | Traffic improvement works at Koyilandy. | DRSC, Kozhikode | Rs.1,19,00,000/- |
| 3. | Traffic Safety Equipments for City Police Commissioner | DRSC,Thiruvananthapuram | Rs.3,97,200/- |
| 4. | Road Safety in School Curriculam | SCERT | Rs 59,060/- |
| 5. | Improvement of Black-Spot 2015-16 | PWD | 5,00,00,000/- |
| 6. | Purchase of Traffic enforcement vehicle | Police | Rs. 2.66 crore |
| 7. | Cautionary Signal System at Pattoor Junction | Police | 41,585/- |
| 8. | Traffic Signal at Jalsoor,Kasarsgode | Police | 6,83,734/- |
| 9. | Safe Kerala | MVD | 1,06,97,260/- |
| 10. | Hand Book for Driver training | MVD | 50,000/- |
| 11. | Sabarimala SafeZone 19-20 | MVD | 70,81,557/- |
| 12. | Awareness Campaign | Police | 9,50,000/- |
| 13. | Traffic Signals at Kollam | Police | 2,81,000/- |
| 14. | Traffic Signals at Alappuzha | DRSC, Alappuzha | 32,000/- |
| 15. | Traffic Safety works between Pushpa Junction and Kolathara road, Kozhikode city | DRSC, Kozhikode | 1,15,68,064/- |
| 16. | Safe Kerala | MVD | 56,00,000/- |
| 17. | Road Safety Week 2020 | MVD | 20,58,584/- |
| | | | |

**_Financial Year 2020-21_**

| | | | |
|---|---|---|---|
| 1. | Safe Kerala | MVD | 14,66,480/- |
| 2. | Road Safety Awareness in School Curriculum | SCERT | 7,42,541/- |
| 3. | Installation of Caution Lights at Aroor- Cherthala stretch (NH-66), Alappuzha | DRSC, Alappuzha | Rs.8,23,500/- |
| 4. | Identification of BlackSpots in the State | NATPAC | 5,54,580/- |
| 5. | Shifting of Traffic Signals from Thondiyad to Kalandithazham & providing table top Pedestrian crossing in KozhikodeNH766&NH66 | DRSC Kozhikode | 39,94,104/- |
| 6. | Re-installation of Traffic Enforcement systems across the State | MVD | 25,18,564/- |
| 7. | Traffic Signals at Vavvakavu and Solar Blinkers Karunagappaly | Police | 11,85,990/- |
| 8. | Solar Blinkers in Kollam | Police | 2,81,000/- |
| 9. | Set up a Center for conducting corrective course for Rashdrivers | MVD | 1,54,250/- |
| 10. | Signal lights at Pathirappaly junction, Alappuzha | DRSC, Alappuzha | 44,160/- |
| 11. | Sabarimala Safe Zone 2020-21 | MVD | 68,05,000/- |
| 12. | Prioritization of Crash Blackspots | NATPAC | 18,39,375/- |
| 13. | SchoolZone improvement | PWD,Roads | 2,73,00,000/- |
| 14. | Defender Traumakit | Police | 9,71,950/- |
| 15. | TableTop Pedestrian crossings, Median, and Bus Bay on Medical College Road, Kozhikode | DRSC Kozhikode | 1,67,50,000/- |
| 16. | Enhancement of existing Training Hall at MVD nforcement Control Room,Chevayoor, | DRSC Kozhikode | Rs. 55,750/- |
| 17. | Road Safety Equipments for Safe Kerala Enforcement Team, Kozhikode district | DRSC Kozhikode | 2,61,864/- |
| 18. | Traffic Works at Krishnapuram-Puthiyakavu | PWD,NH | 25,97,001/- |
| 19. | Road Safety Awareness programs | DRSC, Kannur | 5,00,000/- |
| 20. | Road Safety Month 2021 | MVD | 16,30,233/- |

| | | | |
|---|---|---|---|
| 21. | Procurement of Safety Equipments in Malappuram District | Police | 54,78,000/- |
| 22. | Free left Road at Malapparamba, Kozhikode | DRSC Kozhikode | 8,75,500/- |
| 23. | SafeKerala- Hiring of Electric Vehicles | MVD | 2,06,500/- |
| 24. | Black Spot Study | NATPAC | 6,47,460/- |
| 25. | Road Safety Works at Ettumanoor - Poonjar, Kottayam | DRSC, Kottayam | 50,00,000/- |
| | | | |

സെക്ഷൻ ഓഫീസർ